ആളുകൾക്കും അപകടം സംഭവിക്കുകയും മരണപ്പെടുകയുമുണ്ടായിട്ടുണ്ട്. വടകര മുനിസിപ്പാലിറ്റി ചെയർമാനും മറ്റെല്ലാവരും അവിടെ വലിയ സമരങ്ങളും റോഡ് തടയാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. ഇവ സ്ഥിതി ചെയ്യുന്നത് കടകളൊക്കെയുള്ള സ്ഥലത്താണ്. ഇത് വളരെ അപകടകരമാണ്. നാഷണൽ ഹൈവേയുടെ ഉദ്യോഗസ്ഥർതന്നെ വളരെ ബുദ്ധിമുട്ടിയാണ് രണ്ട് സൈഡും തകരുന്ന അവസരത്തിൽ ഇടയ്ക്കിടെ വന്ന് സിഗ്നൽ മാറ്റിവയ്ക്കുന്നത്. അതുകൊണ്ട് കരിമ്പന പാലത്തിന്റെയും പാലോളി പാലത്തിന്റെയും പ്രശ്നം അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

12.08 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച് 17-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണെങ്കിലും അതിന് ഘടനാപരമായി യാതൊരു തകരാറുമില്ല. വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. എൻ.എച്ച് -17 നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ നിലവിലുള്ള ഈ പാലം നിലനിർത്തിക്കൊണ്ടുതന്നെ സമാന്തരമായി പുതിയ പാലം നിർമ്മിക്കാം. എൻ.എച്ച്.-17-ലെ കരിമ്പന പാലം, പാലോളി പാലം എന്നിവ പുതുക്കിപ്പണിയുന്നതിന് യഥാക്രമം 42.2 കോടി രൂപയുടേയും 20.76 കോടി രൂപയുടേയും എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും അനുമതിക്കുള്ള സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയുമാണ്; അത് ലഭിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി പാലോളി പാലത്തിന്റെ കൈവരി പുതുക്കിപ്പണിയുന്നതിന് 1,40,000 രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്, ടെണ്ടർ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

24. പട്ടിക വർഗ്ഗകോളനികളിലെ പ്രശ്നങ്ങൾ

12.11 PM]

ശ്രീ. ബി. ഡി. ദേവസ്സി: സർ, ആദിവാസികളുടെ വിവിധ ജീവിതപ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനി നിവാസികൾക്ക് കൃഷിക്കും വീടുവയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കുമ്പുഴ തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലേയും കോടശ്ശേരി പഞ്ചായത്തിലെ രണ്ടുകൈ, മാരങ്കോട് തുടങ്ങിയ പട്ടികവർഗ്ഗ കോളനികളിലേയും ആദിവാസി വിഭാഗങ്ങൾക്ക് വനാവകാശ നിയമപ്രകാരമുള്ള ഭൂമി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണം. മലക്കപ്പാറയിലെ ട്രൈബൽ വകുപ്പിനുകീഴിലുള്ള ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും വളരെ തുച്ഛമായ തുകയാണ് ശമ്പളമായി നൽകിവരുന്നത്. അത് കാലാനുസൃതമായി പരിഷ്കരിച്ചുനൽകിയില്ലെങ്കിൽ പ്രസ്തുത മേഖലയിലുള്ളവർക്കുള്ള ഏക ചികിത്സാസൗകര്യം ഇല്ലാതാകും. ഈ ആരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിന് മരുന്നുകളില്ലാത്ത പ്രശ്നവും നിലനിൽക്കുന്നുണ്ട്. അരേക്കാപ്പ്, വെട്ടിവിട്ടകാട് എന്നീ കോളനികളൊഴികെയുള്ള മറ്റെല്ലാ ആദിവാസി കോളനികളിലും വൈദ്യുതീകരണം നടത്തിയെങ്കിലും വന മേഖലയിലെ പ്രത്യേക സാഹചര്യം നിമിത്തവും മരങ്ങൾ വീഴുന്നതും മറ്റു കാരണങ്ങൾകൊണ്ടും ആഴ്ചകളോളം വൈദ്യുതി മുടങ്ങുകയും പകുതി ദിവസങ്ങളെങ്കിലും വൈദ്യുതി ഇല്ലാതെ ഇരുട്ടിൽ കഴിയേണ്ട അവസ്ഥയുമുണ്ട്. വൈദ്യുതീകരണം കഴിഞ്ഞ കോളനികളിൽ നേരത്തേ ലഭിച്ചിരുന്ന മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചിരിക്കുകയാണ്. കാട്ടാനകളുടെ നിരന്തരശല്യമുള്ള പ്രസ്തുത മേഖലകളിൽ ഇതുമൂലം വലിയ വിഷമതകളാണ് അനുഭവിക്കുന്നത്. മണ്ണെണ്ണ നേരത്തേ ലഭിച്ചിരുന്ന അളവിൽത്തന്നെ തുടർന്ന് ലഭിക്കുവാനും പ്രസ്തുത പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റുകൾ, സൗരോർജ്ജ വേലി എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ മേഖലയിലെ ഏക പട്ടികവർഗ്ഗ സഹകരണ സ്ഥാപനമായ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, വനവിഭവങ്ങളുടെ ശേഖരണം, വിതരണം എന്നിവയ്ക്കുപോലും പണമില്ലാതെ വിഷമിക്കുന്ന പ്രസ്തുത സംഘത്തെ സഹായിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം. ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലത്ത് നിലവിൽ പരിമിതമായ സൗകര്യങ്ങളോടെയാണ് പട്ടികവർഗ്ഗ പെൺകുട്ടികളുടെ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അതിന് പകരമായി കൂടുതൽ സൗകര്യങ്ങളോടുകൂടി പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. എസ്.ടി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കായി വിവിധ ആശുപത്രികൾക്ക് നൽകേണ്ട തുക മാസങ്ങളായി കുടിശ്ശികയായിരിക്കുകയാണ്. ഇതുമൂലം ആദിവാസി വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന അവസ്ഥയാണുള്ളത്. അരേക്കാപ്പ് കോളനിയിലെ രാമകൃഷ്ണൻ എന്നയാളിന്റെ ബൈപ്പാസ് സർജറി കോട്ടയം മെഡിക്കൽ കോളേജിൽ നിശ്ചയിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം സർജറി നടത്താതെ

ഡിസ്ചാർജ് ചെയ്തിരിക്കുകയാണ്. ഏദ്രോഗ ചികിത്സപോലും ഫണ്ടിന്റെ അപര്യാപ്തതമൂലം നിഷേധിച്ചിരിക്കുകയാണ്. ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ 17 പട്ടികവർഗ്ഗ കോളനിനിവാസികളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12.13 PM]

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോളനികളിൽ ആദിവാസികളിൽനിന്നും വനാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകളിൽ ഡി.എൽ.സി. അർഹരെന്നു കണ്ടെത്തിയ എല്ലാപേർക്കും വനാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. മാരങ്കോട് കോളനി റവന്യൂ ഭൂമിയിലായതിനാലാണ് വനാവകാശരേഖ നൽകാൻ കഴിയാത്തത്. മലക്കപ്പാറയിലെ ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്ക് വേതനം പരിഷ്കരിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വാച്ചുമരം കോളനിയിൽ വനഭൂമി ആദിവാസികൾക്ക് പതിച്ചുനൽകുന്ന പ്രൊപ്പോസൽ വനം വകുപ്പിന്റെ പരിഗണനയിലാണ്. സൗരോർജ്ജ വേലിക്കായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതാണ്; വനം വകുപ്പിന് 3,87,635 രൂപ കൈമാറിയിട്ടുണ്ട്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 4,86,000 രൂപ ധനസഹായമായി നൽകിയിരുന്നു. അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂളിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിദ്യാഭ്യാസ വകുപ്പിൽനിന്നും വിട്ടുകിട്ടുന്ന മുറയ്ക്ക് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതാണ്. സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരമുള്ള ചികിത്സാ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിലാണ് അനുവദിക്കുന്നത്. അരേക്കാപ്പ് കോളനിയിലെ രാമകൃഷ്ണൻ എന്നയാളിന്റെ ഏദ്രോഗ ചികിത്സയ്ക്കായി 5,000 രൂപ മെഡിക്കൽ കോളേജിലെ ടൈബൽ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ കൊണ്ടുപോകുന്നതിന് വാഹന വാടകയായി 9,000 രൂപയും രാമകൃഷ്ണന്റെ ചികിത്സക്കായി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരുലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിരപ്പിള്ളിയിലെ 17 കോളനികളിലെ ആവശ്യം സംബന്ധിച്ച് ടി.ഡി.-യുടെ റിപ്പോർട്ടുവാങ്ങി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly